LIBRARY ARCHIVES Kerala Legislative Assembly

അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ

30 (*240) ശ്രീമതി ഗീതാ ഗോപി :

ശ്രീ. സി. ദിവാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾ ദുരിതത്തിലാണെന്നുള്ള പഠന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവർക്ക് ജോലിസ്ഥിരത, മതിയായ വേതനം, ആരോഗ്യസുരക്ഷ, തൊഴിൽ കാർഡ് തുടങ്ങിയവ നടപ്പാക്കണമെന്ന് പഠന റിപ്പോർട്ടുകൾ നിർദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇത് നടപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

(ബി) വി. വി. ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കൊല്ലം ജില്ലാശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

1 (2209) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർവന്നതിനുശേഷം കൊല്ലം ജില്ലാശുപത്രിയിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ;

(ബി) 2015-16-ൽ ജില്ലാശുപത്രിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ കൊല്ലം ജില്ലാശുപത്രിയിൽ ക്യാൻസർ ചികിത്സാ യൂണിറ്റ് ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ടി ആശുപത്രിയിൽ 2013-14 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ക്രിട്ടിക്കൽ കെയർ വാർഡ് ആരംഭിക്കുന്നതിന് 148 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ എൻ. ആർ. എച്ച്. എം. മുഖേന ട്രോമാകെയർ & കാഷ്വാലിറ്റി യൂണിറ്റിനുവേണ്ടി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. രണ്ടു പദ്ധതികളുടെയും നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചു വരുന്നു.

(ബി) കൊല്ലം ജില്ലാശുപത്രിയിൽ പുതുതായി നിർമ്മിക്കുന്ന ഏഴുനില കെട്ടിടത്തിന്റെ ഒന്നാം നിലയിൽ സർജിക്കൽ വാർഡ് നിർമ്മിക്കുന്നതിന് 2015-16-ലെ ആരോഗ്യവകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 55,37,494 രൂപ (അമ്പത്തഞ്ച് ലക്ഷത്തി മുപ്പത്തേഴായിരത്തി നാനൂറ്റി തൊണ്ണൂറ്റിനാല് രൂപ) നീക്കിവച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി വാങ്ങിയ ആംബുലൻസുകൾ

2 (2210) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 മേയ് മാസത്തിനുശേഷം കേരളാ എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ടിനുവേണ്ടി ആകെ എത്ര ആംബുലൻസുകൾ വാങ്ങുകയുണ്ടായി ;

(ബി) ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങുകയുണ്ടായി ;

(സി) ആകെ എത്രബേസിക് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ വാങ്ങുകയുണ്ടായി ;

(ഡി) മത്സരാധിഷ്ഠിത ടെണ്ടറുകൾ മുഖേനയാണോ വാങ്ങിയതെന്നു വ്യക്തമാക്കുമോ ;

(ഇ) എത്രകമ്പനികൾ ടെണ്ടർ സമർപ്പിച്ചുവെന്നും ഏതെല്ലാം കമ്പനികളാ യിരുന്നുവെന്നും വ്യക്തമാക്കുമോ ;

(എഫ്) ഏതു കമ്പനിയുടെ ടെണ്ടറാണ് അംഗീകരിച്ചതെന്നും ഓരോ ആബുലൻസിനും എത്ര യുക വീതമാണ് വില നൽകിയതെന്നും വ്യക്തമാക്കുമോ ?